# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാമ്പേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. "മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു" (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

## 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

## ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: “മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു” (ലൂക്കൊ. 24:27,44).

## ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1–14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13–15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് – മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# കൊലൊസ്സ്യർക്ക് എഴുതിയ ലേഖനം

### മുഖവുര

കൊലൊസ്സ്യ ഏഷ്യാമൈനറിൽ ലിക്കസ് താഴ്‌വരയിലുള്ള ഒരു പട്ടണം ആയിരുന്നു. എഫെസൊസിൽനിന്നും 100 മൈൽ കിഴക്കായി ഈ പട്ടണം സ്ഥിതിചെയ്തിരുന്നു. എപ്പഫ്രാസിന്റെ പ്രവർത്തനഫലമായി ഇവിടെ സഭ ഉണ്ടായി എന്നു കരുതുന്നു (4:12,13). പൗലൊസ് ഈ പട്ടണം സന്ദർശിച്ചിരുന്നില്ല (2:1). പൗലൊസിന്റെ ഒന്നാമത്തെ കാരാഗൃഹവാസഘട്ടത്തിൽ എപ്പഫ്രാസ് തന്നെ റോമിൽ സന്ദർശിച്ചു കൊലൊസ്സ്യരുടെ വിവരങ്ങൾ അറിയിച്ചു എന്ന് വിശ്വസിക്കുന്നു. ആ പശ്ചാത്തലത്തിലാണ് ഈ ലേഖനം എഴുതിയത്. ഇത് സമീപസഭയായ ലവൊദിക്യസ ഭയിലും വായിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു.

ഇതര കാരാഗൃഹലേഖനങ്ങൾക്ക് തുല്യം ഗഹനവും സുപ്രധാനവുമായ അനേക സത്യങ്ങൾ ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു. എഫെസ്യ ലേഖനത്തിൽ ക്രിസ്തുവിന്റെ മാർമ്മിക ശരീരമായ സഭയ്ക്കു പ്രാധാന്യം നൽകുമ്പോൾ കൊലൊസ്സ്യ ലേഖനത്തിൽ തലയായ ക്രിസ്തുവിനു പ്രാധാന്യം നൽകുന്നു. ക്രിസ്തുവിൽ വേരൂന്നി പരിപൂർണ്ണരാകുവിൻ എന്നുള്ളതത്രെ ഈ ലേഖനത്തിലെ മുഖ്യ സന്ദേശം.

ക്രിസ്തീയ ഉപദേശങ്ങളോടു ഗ്രീക്കുതത്വജ്ഞാനം, ന്യായപ്രമാണം, മിസ്റ്റിസിസം എന്നീ ദുരുപദേശങ്ങൾ കൂട്ടിക്കലർത്തുവാനുള്ള ഒരു പ്രവണത സംജാതമായിരുന്നു. ക്രിസ്തുവിശ്വാസികളുടെ അറിവ് പൂർണ്ണമല്ല എന്ന് ഈ ദുരുപദേഷ്ടാക്കൾ പഠിപ്പിച്ചിരുന്നു. പൗലൊസ് ഈ ദുരുപദേശങ്ങളെ ഈ ലേഖനത്തിൽ ഖണ്ഡിക്കുന്നു. കൂടാതെ ക്രിസ്തു സകലത്തിനും മതിയായവനാണെന്നും ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. ക്രിസ്തുവിന്റെ സർവ്വാധിപത്യത്തിനാണ് ഈ ലേഖനത്തിൽ പ്രാധാന്യം. റോമിൽനിന്നും പൗലൊസ് എഴുതിയ ഒരു കാരാഗൃഹലേഖനമാണ് ഇത്. എ.ഡി. 60 ൽ ഈ ലേഖനം എഴുതി എന്ന് കരുതുന്നു. ഈ ലേഖനത്തിന് എഫെസ്യലേഖനത്തോട് വളരെ സാമ്യം ഉണ്ട്. രണ്ടും ക്രിസ്തുശാസ്ത്രപരമായി പ്രാധാന്യം ഉള്ളതാണ്. തിഹിക്കൊസാണ് ഈ രണ്ട് ലേഖനങ്ങളും റോമിൽനിന്നും കൊണ്ടുപോയത്.

### കൊലൊസ്സ്യയിലെ ദുരുപദേശം

ഇവിടെയുള്ള വിശ്വാസികൾ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ ആണ്. അവരെ യെഹൂദവിശ്വാസികൾ സമീപിച്ച് പുറജാതിതത്വജ്ഞാനവും യെഹൂദകർമ്മാചാരങ്ങളും കൂട്ടിക്കലർത്തി ഉപദേശത്തിലും പ്രായോഗിക ജീവിതത്തിലും വഴിതെറ്റിക്കുവാൻ പരിശ്രമിച്ചു. അതിൽ പ്രധാനമായതു നോസ്റ്റിസിസം എന്ന തത്വജ്ഞാനമായിരുന്നു. ഫിലോസഫി അഥവാ തത്വജ്ഞാനംകൊണ്ടുള്ള അർത്ഥം ജ്ഞാനത്തോടുള്ള സ്നേഹം എന്നത്രെ. തത്വജ്ഞാനത്തിനു നാലു ശാഖകൾ ഉണ്ടെന്ന് അഭിപ്രായപ്പെടുന്നു. ഭൗതിക തത്വജ്ഞാനം, വിജ്ഞാന തത്വജ്ഞാനം, ധാർമ്മിക തത്വജ്ഞാനം, തർക്കശാസ്ത്രം എന്നിവയാണ് അവ. മാനുഷികചിന്തകളിൽ ഉത്ഭവിച്ചതും ഉരുത്തിരിഞ്ഞുവന്നതുമായ ആശയങ്ങളാണ് തത്വജ്ഞാനത്തിലുള്ളത്. ദൈവിക വെളിപ്പാടുകളുമായി തത്വജ്ഞാനത്തിനു യാതൊരു ബന്ധവും ഇല്ല. പൗലൊസ് തത്വജ്ഞാനത്തിന്റെ സ്വാധീനവലയത്തിൽ അകപ്പെട്ട കൊലൊസ്സ്യരെ നേർവഴിക്ക് കൊണ്ടുവരുവാൻ ഈ ലേഖനത്തിൽ യുക്തിയുക്തം ന്യായവാദം ചെയ്യുന്നതായി കാണാം.

**നോസ്റ്റിസിസം:** പൗലൊസിന്റെ കാലത്ത് ഉടലെടുത്ത ഒരു തത്വജ്ഞാനമായിരുന്നു ജ്ഞാനമതം അഥവാ നോസ്റ്റിക്ക് മതം. അവർ മറ്റുള്ളവരേക്കാൾ ജ്ഞാനികൾ ആണെന്ന് അഭിമാനിച്ചിരുന്നു. വസ്തുമയമായതെല്ലാം തിന്മ കലർന്നതാണെന്നും പരിശുദ്ധനായ ദൈവത്തിനു തിന്മ കലർന്നവയുമായി ബന്ധപ്പെടാൻ കഴിയുന്നതല്ലെന്നും അവർ പഠിപ്പിച്ചു. ദൈവം, ദൂതന്മാർ മുഖാന്തരം സൃഷ്ടിച്ചു എന്നതാണ് അതിനുള്ള പ്രതിവിധി. വസ്തുമയമായ കാര്യങ്ങൾ തൊടരുത്, രുചിക്കരുത് എന്ന് അവർ പഠിപ്പിച്ചു. ദൂതന്മാർക്ക് വലിയ പ്രാധാന്യം അവർ നൽകി. വാവ് നോക്കണം, പെരുന്നാൾ ആചരിക്കണം എന്നീ നിർദ്ദേശങ്ങൾ അവർ നൽകി. സദാചാരത്തിന് അവർ പ്രാധാന്യം നൽകിയിരുന്നില്ല. ദുർന്നടപ്പ്, അതിരാഗം, ദുർമോഹം എന്നിവ ശരീരത്തിൽ മാത്രം ചെയ്യുന്ന പാപങ്ങളാണ്. ദൈവം പ്രാധാന്യം നൽകുന്നത് ആത്മാവിനാണ്. സന്യാസജീവിതം കൂടിയേ തീരൂ. ഇവരുടെ പഠിപ്പിക്കലിന്റെ ഫലമായി സഭയിൽ ചിലർ ദൂതന്മാരെ ആരാധിക്കുന്നവരും മറ്റുമായി. പൗലൊസ് ഈ ദുരുപദേശങ്ങളെ ഗൗരവമായി പരിഗണിക്കയും ഓരോന്നിനും ന്യായയുക്തമായ മറുപടി എഴുതുകയും ചെയ്തു. ദുരുപദേശങ്ങളെ നിസ്സാരമായി വിട്ടുകളയുന്നത് അപകടകരം ആകുന്നു. പൗലൊസ് ഈ ലേഖനത്തിൽ അവയെ നേരിട്ടതിന്റെ ഫലമായി ക്രിസ്തുസഭ നോസ്റ്റിക്ക് ചിന്താഗതികളിൽ നിന്നും വിമോചിതമാകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു.

## അദ്ധ്യായം 1

### വന്ദനം (1:1,2)

പൗലൊസ് കൊലൊസ്സ്യയിലുള്ള വിശ്വാസികളെ വന്ദനം ചെയ്യുന്നു. താൻ അവിടെ പോയിട്ടില്ലെങ്കിലും അവരെക്കുറിച്ച് കേൾക്കയും അങ്ങനെ അവരോടുള്ള സ്നേഹവും താല്പര്യവും വന്ദനത്തിൽക്കൂടി പ്രദർശിപ്പിച്ചു. തന്നോടുകൂടെയുള്ള തിമൊഥെയൊസും അതിൽ പങ്കുചേരുന്നു. പൗലൊസ് ദൈവേഷ്ടത്താൽ അപ്പൊസ്തലൻ ആയതാണ്. സ്വയം സ്വീകരിച്ച പദവി അല്ല. അതു ദിവ്യനിയോഗമാണ്. ദൈവദാസന്മാർക്ക് ഈ ബോധം ഉണ്ടായിരിക്കണം. കൊലൊസ്സ്യയിലുള്ള വിശ്വാസികൾ സഹോദരന്മാരാണ്. ദൈവകുടുംബത്തിലെ അംഗങ്ങളാകുന്നു. വിശുദ്ധന്മാരാണ്. ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവരാണ്. അവർ ക്രിസ്തുവിൽ വിശ്വസിക്കുന്ന വിശ്വസ്തരായ ദൈവമക്കൾ ആയിരുന്നു. അവരുടെ ജീവിതമണ്ഡലം ക്രിസ്തുവാണ്. ദൈവമക്കൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളാണ് ഇവ. താൻ അപ്പൊസ്തലൻ ആയിരുന്നു. കർത്താവിനാൽ അയയ്ക്കപ്പെട്ടവനാണ്. ജാതികളോട് സുവിശേഷം അറിയിക്കുവാൻ നിയോഗം ലഭിച്ചവനാണ്. എന്നാൽ സഹവിശ്വാസികളോട് ഏകീഭവിച്ചുകൊണ്ട് ആശംസ നേരുന്നു. 'നമ്മുടെ പിതാവായ ദൈവത്തിൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.' കൃപ ദൈവത്തിന്റെ അനർഹമായ ദാനം ആകുന്നു. കൃപയാൽ രക്ഷിക്കപ്പെട്ടു. ജീവിക്കുന്നതും കൃപയാലാണ്. കൃപ ലഭിച്ചവർക്കു മാത്രമേ സമാധാനം അനു ഭവിക്കുവാൻ കഴികയുള്ളൂ. അവർ പ്രതികൂലസാഹചര്യങ്ങളിൽ മനസ്സിൽ സ്വസ്ഥത ഉള്ളവരായിരിക്കും. എത്ര ശ്രേഷ്ഠമായ വന്ദനമാണ് അവർക്ക് ലഭിച്ചത്!

### പൗലൊസിന്റെ പ്രാർത്ഥന (1:3-13)

പ്രാർത്ഥന സ്തോത്രത്തോടുകൂടെ ആരംഭിക്കുന്നു. ദൈവം കൊലൊസ്സ്യരുടെ ജീവിതത്തിൽ വരുത്തിയ രൂപാന്തരവും നന്മകളും ഓർത്തു ദൈവ ത്തെ സ്തുതിക്കുന്നു. പ്രാർത്ഥനയിൽ സ്തോത്രവും സ്തുതിയും അപേക്ഷയും ഉൾക്കൊണ്ടിരിക്കുന്നു. അവർ ക്രിസ്തുവിൽ വിശ്വസിക്കുന്നു. അവരുടെ വിശ്വാസം രഹസ്യമായിരുന്നില്ല. അവർ ആരിൽ വിശ്വസിച്ചു എന്നതിനാണ് പ്രാധാന്യം. നമ്മുടെ വിശ്വാസത്തിന്റെ മേന്മയനുസരിച്ചല്ല ദൈവം നമ്മെ രക്ഷിക്കുന്നത്. രക്ഷകനെ തൊടുന്ന കയ്യാണ് വിശ്വാസം. അവർ ക്രിസ്തുവിൽ പൂർണ്ണമായി ആശ്രയിക്കുന്നവർ ആയിരുന്നു. രണ്ടാമതായി അവർ സകല വിശുദ്ധന്മാരെയും സ്നേഹിക്കുന്നവർ ആയിരുന്നു. ആത്മാവിന്റെ ഫലമാകുന്നു സ്നേഹം (ഗലാ. 5:22). നമ്മുടെ വിശ്വാസത്തിന്റെ പ്രത്യക്ഷ തെളിവാകുന്നു കർത്താവിനോടും മറ്റുള്ളവരോടുമുള്ള സ്നേഹം (1 യോഹ. 3:14). അത് ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടയാളം ആകുന്നു (യോഹ. 13:35). വിശ്വാസത്തിൽനിന്നും ഉത്ഭവിക്കുന്നതാണ് സ്നേഹം. അവർ കർത്താവിന്റെ വരവിനായി പ്രത്യാശിക്കയും അതിൻപ്രകാരം ജീവിക്കയും ചെയ്തിരുന്നു. പ്രത്യാശ സുവിശേഷത്തിന്റെ ഒരു ഭാഗമാണ്. മതങ്ങൾക്കോ തത്വജ്ഞാനത്തിനോ മനുഷ്യനു പ്രത്യാശ നൽകുവാൻ കഴിയുന്നതല്ല. വിശ്വാസം പ്രത്യാശയെ ഉത്ഭവിപ്പിക്കുന്നു. പ്രത്യാശ വിശ്വാസത്തെയും കർത്താവിനോടുള്ള സ്നേഹത്തെയും ഉത്തേജിപ്പിക്കുന്നു. പ്രത്യാശ ഭാവിപരമാണ്. നാം ക്രിസ്തുവിൽ പ്രത്യാശ ഉള്ളവരാണോ? നമ്മുടെ ജീവിതം അതിനു സാക്ഷി നൽകുമോ (1 യോഹ. 3:1-3). ഈ പ്രത്യാശയും വിശ്വാസവും സ്നേഹവും സുവിശേഷത്തിന്റെ സത്യവചനം കേൾക്കയും വിശ്വസിക്കയും ചെയ്തതിന്റെ ഫല മായിട്ടാണ് ഉണ്ടായത്. അല്ലാതെ നോസ്റ്റിക്ക് തത്വചിന്ത മൂലമല്ല എന്ന് അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു. ഈ അറിവ് കൊലൊസ്സ്യർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സ്തോത്രം ചെയ്യുവാനും തന്നെ പ്രേരിപ്പിച്ചു. എപ്പോഴും പ്രാർത്ഥിക്കുന്നവരാകുവാൻ നാം സദാ ദൈവജനത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാകണം.

സുവിശേഷം സത്യവചനവും സർവ്വലോകത്തിലും അറിയിക്കേണ്ടതു മായ സദ്വർത്തമാനം ആകുന്നു. അതു ദൈവകൃപയുടെ സന്ദേശം ആണ്. സുവിശേഷത്തിൽ വിശ്വസിക്കുമ്പോൾ ജീവിതം രൂപാന്തരപ്പെടും. ആത്മികഫലങ്ങൾ പുറപ്പെടുവിക്കും. ആത്മികമായി വളരുന്നവർക്കു മാത്രമേ ദുരുപദേശങ്ങളോട് എതിർത്തുനിൽക്കുവാൻ കഴികയുള്ളൂ (2 പത്രൊ. 3:17,18). കൊലൊസ്സ്യർക്ക് സത്യവചനം ഉപദേശിച്ചത് എപ്പഫ്രാസായിരുന്നു. അവൻ അപ്പൊസ്തലനു പ്രിയനും സഹഭൃത്യനുമാണ്. അവൻ ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും പൗലൊസിനെ കൊലൊസ്സ്യരുടെ സ്നേഹം അറിയിച്ചവനും ആകുന്നു. നാം ഈ യോഗ്യതകൾ ഉള്ളവരാണോ?

പൗലൊസ് ദൈവജനത്തിന്റെ ആത്മിക വളർച്ചയ്ക്കായി പ്രാർത്ഥിക്കുന്നു. രക്ഷിക്കപ്പെട്ടതുകൊണ്ടു മാത്രം ആത്മികജീവിതം അവസാനിക്കുന്നില്ല. നാം ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വർദ്ധിച്ചുവരണം. ദൈവഹിതം അറിയുവാൻ അവന്റെ വചനം നാം പഠിക്കുന്നവർ ആകണം. അത് അനുസരിക്കുമ്പോൾ നാം ദൈവത്തിനു പ്രസാദമുള്ളവരാകുന്നു. അപ്പോൾ ദൈവിക കൂട്ടായ്മ അനുഭവിക്കുവാൻ കഴിയും. നാം ക്രിസ്തുവിനു യോഗ്യമാകുംവണ്ണം ജീവിക്കുന്നവർ ആകണം. നടപ്പ് അനുദിന ജീവിതത്തെ കാണിക്കുന്നു. വിശുദ്ധവിളി ലഭിച്ചവർ വിശുദ്ധ ജീവിതം നയിക്കണം. അതിന് ആത്മിക ജ്ഞാനം ഉള്ളവർ ആകണം. ദൈവവചനം ഗ്രഹിക്കുവാനുള്ള കഴിവാണ് ഈ ജ്ഞാനം. അതു പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരുവാൻ വിവേകം ആവശ്യമാണ്. ദൈവത്തിനു നമ്മെക്കുറിച്ചുള്ള ഇഷ്ടം നാം അറിയുന്നവർ ആകണം. അതിനു ദൈവവചനം നാം ധ്യാനിക്കണം. അപ്പോൾ സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കുന്നവർ ആകും. അതു ശിഷ്യത്വത്തിന്റെ തെളിവാണ് (യോഹ. 15:8). ഈ ഫലം പുറപ്പെടുവിക്കൽ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും ബാധിക്കണം. ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുന്നവർക്കു മാത്രമേ ഫലസമൃദ്ധി ഉള്ളവരാകുവാൻ കഴികയുള്ളൂ. നോസ്റ്റിക്ക് തത്വജ്ഞാന

ത്തിന് ഇത് കഴികയില്ല.

വിശ്വാസികൾ സഹിഷ്ണുതയും ദീർഘക്ഷമയും ഉള്ളവരാകണം. അപ്പോൾ പ്രകോപനപരമായ ചുറ്റുപാടുകളിൽ എല്ലാം സഹിക്കുവാനും പ്രതികാരത്തിനു മുതിരാതെ ക്ഷമിക്കുവാനും കഴിയും. അതിനു നാം ദൈവാത്മശക്തി നിറഞ്ഞവരാകണം. ഇതൊക്കെയും സന്തോഷത്തോടെ ചെയ്യുന്നവരാകുവാൻ പൗലൊസ് പ്രാർത്ഥിക്കുന്നു. സ്റ്റോയിക്ക് തത്വജ്ഞാനികളെപ്പോലെ നിർവികാരികളായി സഹിക്കുന്നതു ദൈവജനത്തിനു യോഗ്യമല്ല. വിശ്വാസികൾ വെളിച്ചത്തിലുള്ള അവകാശത്തിനായി വിളിക്കപ്പെട്ടവർ ആണ്. ഒരിക്കൽ നാം ഇരുട്ടായിരുന്നു. ആത്മിക അന്ധതയിൽ കഴിഞ്ഞിരുന്നു. സാത്താന്യ അടിമത്തത്തിലായിരുന്നു. പാപത്തിന്റെ ശാപത്തിനും ശിക്ഷ യ്ക്കും യോഗ്യരായിരുന്നു. ആശ അറ്റവരായിരുന്നു. ക്രിസ്തു നമ്മെ അതിൽ നിന്നും വിടുവിച്ചു. ഇന്നു നാം വെളിച്ചത്തിലുള്ള അവകാശം ലഭിച്ചവരാണ്. വെളിച്ചം വിശുദ്ധി, ജ്ഞാനം, സന്തോഷം ഇവയെ കാണിക്കുന്നു. ദൈവമാണ് നമുക്കു വിടുതൽ നൽകിയത്. ഇന്നു നാം സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാണ്. ദൈവസ്നേഹത്തിന്റെ പ്രദർശന കേന്ദ്രമാണ് പുത്രന്റെ രാജ്യം. അവിടെ കർത്താവിനെ സ്നേഹിച്ചും അനുസരിച്ചും ജീവിക്കുന്നവർ ആകണം. ഇന്ന് അത് ഒരു ആത്മിക അനുഭവമാണ്. ദൈവം നമുക്കു ചെയ്ത നന്മകളെ ഓർത്തു നാം ദൈവത്തിനു സ്തോത്രം ചെയ്യുന്നവർ ആകണം എന്നു പൗലൊസ് പ്രാർത്ഥിക്കുന്നു.

## ക്രിസ്തുവിന്റെ ഉൽക്കൃഷ്ടത (1:14-23)

പൗലൊസ് കൊലൊസ്സ്യയിലുള്ള വിശ്വാസികളെ ഓർത്തു പ്രാർത്ഥിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തു. അവർ ക്രിസ്തുവിൽ സഹോദര ന്മാരും വിശുദ്ധരും ആകുന്നു. കൂടാതെ അവർ വീണ്ടെടുക്കപ്പെട്ടവരാണ്. അവരുടെ വീണ്ടെടുപ്പുവില ക്രിസ്തുവിന്റെ രക്തമാണ്. അവർ സാത്താന്യ ദാസ്യത്വ ത്തിൽനിന്നും മോചനം ലഭിച്ചവരാകുന്നു. അവർക്കു പാപമോചനവും നിത്യരക്ഷയും ദൈവം നൽകിയിരിക്കുന്നു. ഇതിനൊക്കെയും മുഖാന്തരം ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം ആകുന്നു. തുടർന്നുള്ള വാക്യങ്ങളിൽ അവന്റെ വ്യക്തിശ്രേഷ്ഠതകൾ നമുക്ക് കാണാവുന്നതാണ്. ക്രിസ്തുശാസ്ത്രപരമായി പ്രാധാന്യമുള്ള ഭാഗമാകുന്നു ഇത്. അവൻ നിത്യനായ ദൈവമാണ്. ആ ദൈവം മനുഷ്യനായി നമ്മുടെ വീണ്ടെടുപ്പ് സാധിപ്പിച്ചു. സൃഷ്ടിയിലും സഭയിലും അവന്റെ സ്ഥാനം സമുന്നതമാണ്.

ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാകുന്നു. ഇതു ക്രിസ്തുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നു. ലോകം ഉണ്ടാകുന്നതിനു മുമ്പുതന്നെ അവൻ പിതാവിനോടു തുല്യമഹത്വം ഉള്ളവനായിരുന്നു (യോഹ. 17:5). ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ദൈവമായിരുന്നു (യോഹ. 1:1). വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1:14). അങ്ങനെ അദൃശ്യനായ ദൈവം ജഡം ധരിച്ചു മനുഷ്യനു പ്രത്യക്ഷപ്പെട്ടു (മത്താ. 17:2). ശിഷ്യന്മാർ അവനെ കാണുകയും കേൾക്കുകയും തൊടുകയും സംഭാഷിക്കയും സമീപിക്കയും ചെയ്തു. ക്രിസ്തു ദൈവത്തെ മനുഷ്യർക്കു വെളിപ്പെടുത്തി (യോഹ. 1:18).

ക്രിസ്തു സർവ്വ സൃഷ്ടിക്കും ആദ്യജാതൻ ആകുന്നു. പല തെറ്റായ വ്യാഖ്യാനങ്ങളും ഈ വാക്യത്തെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. ക്രിസ്തു സൃഷ്ടികർത്താവാണ്. സൃഷ്ടിക്കു മുമ്പ് ഉള്ളവനാണ്. അവൻ സൃഷ്ടിയുടെ ഒരു ഭാഗം അല്ല. ആദ്യജാതൻ എന്ന പ്രയോഗം പദവിയെ കാണിക്കുന്നു. അവൻ സൃഷ്ടിക്കു മുമ്പേയുള്ളവനും സൃഷ്ടിയുടെ മേൽ ആധിപത്യം ഉള്ളവനുമാണ്. ജാതൻ എന്ന വാക്കിനു ദൈവപ്രകൃതിക്കു തുല്യൻ എന്ന ആശയമാണ് ഉള്ളത്. ക്രിസ്തു സൃഷ്ടിക്കപ്പെട്ടവനല്ല. നിത്യനാണ് (യോഹ. 1:1). പുനരുത്ഥാനത്തോടുള്ള ബന്ധത്തിലും ആദ്യജാതൻ എന്നു പ്രയോഗിച്ചിട്ടുണ്ട്. സഭയോടുള്ള ബന്ധത്തിലും ആദ്യജാതനാകുന്നു. അവൻ സഭയുടെ അഥവാ ദൈവഭവനത്തിന്റെ തലവനും ഭരണാധിപനുമാണ്. നോസ്റ്റിക്കുവാദികൾ പറയുന്നതുപോലെ ദൈവസാരാംശം കുറഞ്ഞ ഒരു മധ്യവർത്തിയല്ല ക്രിസ്തു എന്നുള്ള സത്യമത്രെ ഇവിടെ വ്യക്തമാക്കിയിട്ടുള്ളത്. മരിച്ചവരുടെ ഇടയിൽനിന്നും തേജസ്ക്കരിക്കപ്പെട്ട ശരീരത്തോടുകൂടെ ആദ്യമായി ഉയിർ ത്തെഴുന്നേറ്റതു ക്രിസ്തുവാണ്. ലാസറും മറ്റും ഉയിർത്തെഴുന്നേറ്റതു തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ അല്ലായിരുന്നു. അവരെല്ലാം പിന്നെയും മരിച്ചു. അങ്ങനെ ക്രിസ്തു സകലത്തിലും മുമ്പനാകുന്നു.

ക്രിസ്തുവിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും വസിക്കുന്നു. ദൈവിക സൽഗുണങ്ങളുടെ ആകെത്തുക അവനാണ്. നോസ്റ്റിക്കു തത്വജ്ഞാനികൾ പറയുന്നതുപോലെ ക്രിസ്തു ദൈവത്തിന്റെ അനേക അവതാരങ്ങളിൽ ഒന്നല്ല. പ്രത്യുത അവൻ ദൈവത്തിന്റെ സമ്പൂർണ്ണ നിറവാണ്. അവൻ ഏകമദ്ധ്യസ്ഥൻ ആകുന്നു (1 തിമൊ. 2:5). ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ സകലത്തെയും ദൈവത്തോട് അഥവാ പിതാവിനോട് നിരപ്പിക്കുവാൻ അവൻ മതിയായവൻ. ക്രിസ്തു മനുഷ്യനായില്ല എന്ന നോസ്റ്റിക്ക് സിദ്ധാന്തത്തെ ഇത് ഖണ്ഡിക്കുന്നു. ക്രിസ്തു മനുഷ്യനായി നമുക്കുവേണ്ടി ക്രൂശുമരണം സഹിച്ചു. പിതാവ് ക്രിസ്തുവിൽക്കൂടി നമ്മെ അവനോട് നിരപ്പിച്ചിരിക്കുന്നു. മതങ്ങൾ മനുഷ്യൻ ദൈവത്തോട് നിരക്കുവാൻ കഴിക്കുന്ന പരിശ്രമങ്ങൾ ആണ്. സുവിശേഷം ദൈവം ശത്രുക്കളായ നമ്മെ തന്നോടു നിരപ്പിക്കുന്ന പ്രവൃത്തിയുടെ സന്ദേശം ആകുന്നു. ക്രിസ്തുവിന്റെ ജീവിതത്തിനോ, ഉപദേശത്തിനോ, അത്ഭുതപ്രവൃത്തികൾക്കോ നമ്മെ പിതാവിനോട് നിരപ്പിക്കുവാൻ കഴിയുന്നതല്ല. അവന്റെ മരണം മൂലം നാം നിരപ്പുപ്രാപിച്ചു. പാപം നമ്മെ ദൈവത്തോട് അകറ്റിയിരുന്നു. ക്രിസ്തുവിന്റെ മരണം ആ അകൽച്ച മാറ്റി. ഇത് സാർവ്വത്രികമായ നിരപ്പാണ്. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു മാത്രമേ ഈ നിരപ്പിന്റെ ബന്ധമുള്ളവർ ആകുവാൻ കഴികയുള്ളൂ. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തെയും പിതാവിനോട് നിരപ്പി

ക്കുവാൻ ക്രിസ്തുവിനു മാത്രമേ കഴികയുള്ളൂ. ഇന്നു കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുന്നവർക്കു ദൈവത്തോടു സമാധാനം ഉണ്ട്. ഈ നിരപ്പിന്റെ സന്ദേശം അവർ മറ്റുള്ളവരോടു പറയുവാൻ കടപ്പെട്ടവരും ആകുന്നു.

ഒരിക്കൽ നാം പാപികളും ദൈവവിരോധികളും ആയിരുന്നു. ചിന്തകളിലും പ്രവൃത്തികളിലും നാം അതു വെളിപ്പെടുത്തിയിരുന്നു. അങ്ങനെയുള്ളവരായ നമ്മെ ദൈവമുമ്പാകെ സമാധാനമുള്ളവരായി നിൽക്കുവാൻ ക്രിസ്തു മരിച്ചു. ഇന്നു നാം വിശുദ്ധരാണ്. പാപത്തിന്റെ ശിക്ഷയിൽനിന്നും വിടുതൽ ലഭിച്ചവരും ദൈവത്തിനായി വേർതിരിക്കപ്പെട്ടവരും ആണ്. രണ്ടാമതായി നിഷ്ക്കളങ്കരായി നിൽക്കുവാൻ പ്രാപ്തരാക്കി. ഊനമില്ലാത്ത യാഗമൃഗങ്ങൾക്കു തുല്യം നിൽക്കുവാൻ കഴിയുന്നു എന്നു സാരം. മൂന്നാമതായി കുറ്റമില്ലാത്തവരായി നിർത്തുവാൻ കർത്താവ് പ്രസാദിച്ചു. ആരോപണത്തിനു സാദ്ധ്യത ഇല്ലാത്തവരായി തീരുക എന്ന ആശയമാണ് ഇവിടെ കാണുന്നത്. ക്രിസ്തു മരിച്ചതിന്റെ ഉദ്ദേശങ്ങൾ ഇവ ആയിരുന്നു. സുവിശേഷം കൈക്കൊണ്ടതിന്റെ ഫലമായിട്ടാണ് ഈ പദവികൾ ലഭിച്ചിരിക്കുന്നത്. ഈ സുവിശേഷം സകല സൃഷ്ടികളോടും ഘോഷിക്കുവാൻ പൗലൊസ് നിയോഗിതനായിരുന്നു. വിശ്വാസികൾ ഒരിക്കൽ സ്വീകരിച്ച സുവിശേഷത്തിൽ നിലനിൽക്കുന്നത് അവർക്കു ലഭിച്ചിരിക്കുന്ന പദവികൾ സത്യമാണെന്നുള്ളതിന്റെ തെളിവാകുന്നു. വിശ്വാസത്തിൽ നിലനിൽക്കുവാനുള്ള ഒരു മുന്നറിയിപ്പാണ് ഇവിടെ കാണുന്നത്.

### പൗലൊസിന്റെ മാതൃകാശുശ്രൂഷ (1:24-29)

പൗലൊസ് റോമിലെ കാരാഗൃഹത്തിന്റെ കഷ്ടതകളുടെ നടുവിലും സന്തോഷിക്കുന്നവനായിരുന്നു. തന്റെ കഷ്ടങ്ങൾ സുവിശേഷത്തിന്റെ വ്യാപ്തിക്കും ദൈവജനത്തിന്റെ അനുഗ്രഹത്തിനുമായിരുന്നു. ക്രിസ്തുവിന്റെ കഷ്ടതയോടു പങ്കുചേരുവാൻ ആർക്കും കഴികയില്ല. അതു നമ്മുടെ വീണ്ടെടുപ്പിനും സഭ ഉണ്ടാകുവാനുമുള്ളതായിരുന്നു. പൗലൊസിന്റെ കഷ്ടതകൾ സഭയുടെ കെട്ടുപണിക്കുവേണ്ടിയുള്ളതായിരുന്നു. പൗലൊസിനു ലഭിച്ച ദൈവനിയോഗത്തെക്കുറിച്ച് ഉറപ്പുണ്ടായിരുന്നു. അത് ദൈവവചനഘോഷണത്തിനും സഭയുടെ വളർച്ചയ്ക്കുമായിരുന്നു. താൻ ജാതികളോട് സുവിശേഷം ഘോഷിച്ചു. സഭയ്ക്കു ദൈവവചനസത്യങ്ങൾ ഉപദേശിച്ചു. സഭ എന്ന മർമ്മം അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെട്ടു. പഴയനിയമകാലത്തു വെളിപ്പെടുത്താതെ പുതിയനിയമകാലത്തു വെളിപ്പെടുത്തിയിരിക്കുന്ന സത്യമാണ് സഭ എന്നുള്ളത്. അതു ജാതികളും യെഹൂദന്മാരും തുല്യപദവിയുള്ളവരായി ക്രിസ്തുവിന്റെ മാർമ്മിക ശരീരമാകും എന്നുള്ളതായിരുന്നു. വിശേഷാൽ പൗലൊസിനു സഭയുടെ മർമ്മം വെളിപ്പെട്ടിരുന്നു (എഫെ. 3:8,9). ക്രിസ്തു മഹത്വത്തിന്റെ പ്രത്യാശയാണ്. ആ ക്രിസ്തു വിശ്വാസികളിൽ വസിക്കുന്നു. അവർ സുവിശേഷത്തിന്റെ അനുഗ്രഹങ്ങൾക്കു പങ്കാളികൾ ആണ്. ഈ സത്യങ്ങൾ തന്റെ ദാസന്മാരിൽക്കൂടി അറിയിക്കുവാൻ ദൈവത്തിനു പ്രസാദം ആയി. ക്രിസ്തു മഹത്വത്തിന്റെ പ്രത്യാശയാണ്. ക്രിസ്തുവില്ലാത്തവർക്കു പ്രത്യാശിക്കുവാൻ ഒന്നുമില്ല. അവൻ നമ്മിൽ വസിക്കുന്നു എന്നുള്ളതു ഭാവി അനുഗ്രഹങ്ങളുടെ ഉറപ്പാകുന്നു.

പൗലൊസിനു ലഭിച്ച നിയോഗം ക്രിസ്തുവിനെ അറിയിക്കുക എന്നു ള്ളതായിരുന്നു. ക്രൈസ്തവ സന്ദേശം കുറെ ഉപദേശങ്ങൾ അല്ല. അത് ഒരു വ്യക്തിയാണ്. ക്രിസ്തുവിന്റെ നിസ്തുല്യ വ്യക്തിത്വവും ശുശ്രൂഷയുമാണ് ആ സന്ദേശം. അതു സഭയെ മൊത്തം അറിയിക്കേണ്ട സന്ദേശം ആണ്. സഭ യിൽ വലിപ്പച്ചെറുപ്പം ഇല്ല. എല്ലാവരും ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ഉള്ളവർ ആകണം. അതിനു സകല ജ്ഞാനത്തോടുംകൂടെ പ്രബോധിപ്പിക്കയും ഉപദേശിക്കയും വേണം. പ്രബോധനം തെറ്റുകൾ ഒഴിവാക്കാനുള്ള ആലോചനയാകുന്നു. ഉപദേശം സത്യമാർഗ്ഗത്തിൽ മുൻപോട്ടു പോകുവാനുള്ള ആലോചനയാണ്. പ്രബോധനത്തിൽ ശാസനയും മുന്നറിയിപ്പും ഉണ്ട്. ഇത് ചെയ്യുന്നതു വിശ്വാസികൾ ക്രിസ്തുവിൽ പക്വത ഉള്ളവർ ആകുവാനാണ്. ദൈവിക സത്യങ്ങൾ ദൈവജനത്തിനുള്ളതാണ്. അതു കേൾക്കയും അനുസരിക്കയും ചെയ്യുമ്പോൾ ആത്മികമായി വളരും. ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തുക എന്നതിന്റെ ആശയം അതാണ്.

പൗലൊസ് ആത്മാക്കൾ രക്ഷിക്കപ്പെട്ടതുകൊണ്ടു മാത്രം തൃപ്തിപ്പെട്ടിരുന്നില്ല. അവർ ക്രിസ്തുവിൽ വളരണം എന്നു താൻ ആഗ്രഹിച്ചു. അതിനു പരിശുദ്ധാത്മശക്തിയിൽ അദ്ധ്വാനിച്ചു. സ്വന്തശക്തി അതിനു മതിയായതല്ല. ദൈവത്തിന്റെ വേല ദൈവാത്മശക്തിയിൽ ദൈവനാമമഹത്വത്തിനായി ചെയ്യേണ്ടതാകുന്നു. അതിനു കർത്താവ് നമ്മെയും സഹായിക്കട്ടെ.

## അദ്ധ്യായം 2

(2:1-7) പൗലൊസ് കൊലൊസ്സ്യയിലും ലവൊദിക്യയിലുമുള്ള വിശ്വാസികളെ കണ്ടിട്ടില്ല. എന്നാൽ അവർ ദുരുപദേശത്തിന്റെ പ്രലോഭനങ്ങൾക്കു വഴ ങ്ങുന്നു എന്നു കേട്ടപ്പോൾ ഹൃദയത്തിൽ ഭാരമുള്ളവനായിത്തീർന്നു. അവർ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വർദ്ധിച്ചുവരണം എന്ന് ആഗ്രഹിച്ചു. ക്രിസ്തുവാണ് ദൈവമർമ്മം. അവനിൽക്കൂടി മാത്രമേ വിവേകപൂർണ്ണതയുടെ സമ്പത്ത് പ്രാപിക്കുവാൻ കഴികയുള്ളൂ. അതിനു ദൈവമക്കൾ സ്നേഹത്തിൽ ഐകമത്യമുള്ളവരാകണം. അപ്പോൾ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ കഴിയും. അവൻ ദൈവത്തെ നമുക്കു വെളിപ്പെടുത്തി. ദൈവജ്ഞാനം അവനിലാണ് ഉള്ളത് (1 കൊരി. 1:24). ജ്ഞാനം ദൈവവചനം ഗ്രഹിക്കുവാനുള്ള കഴിവാണ്. പരിജ്ഞാനം അതു വിവേചനയോടുകൂടി ജീവിതത്തിൽ

കൊണ്ടുവരുന്നതിനുള്ള പ്രാപ്തിയുമാണ്. ക്രിസ്തുവിൽ മാത്രമാണ് ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഉള്ളത്. അത് ഗ്രഹിക്കുവാൻ ദൈവവചനം പ്രാർത്ഥനയോടുകൂടെ ധ്യാനിക്കണം. പരിശുദ്ധാത്മാവിന്റെ സഹായം അതിന് ഒഴിച്ചുകൂടാത്തതാകുന്നു. നോസ്റ്റിക്ക് തത്വചിന്തകന്മാർക്ക് ഈ ജ്ഞാനവും പരിജ്ഞാനവും ഇല്ല. അവർ മാനുഷിക ബുദ്ധികൊണ്ടു വിശ്വാസികളെ സത്യത്തിൽനിന്നും തെറ്റിച്ചുകളയുന്നവരാണ്. അവരോട് എതിർത്തുനിൽക്കുവാൻ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ആവശ്യമാണ്. അവരുടെ വശീകരണവാക്കുകളാൽ ആരും ചതിക്കപ്പെടരുത്. പൗലൊസിന്റെ ഈ ആഗ്രഹം ഇന്നും എത്രയോ സത്യമാകുന്നു (മത്താ. 24:4; എഫെ. 4:14; 1 യോഹ. 4:1).

നോസ്റ്റിക്ക് സിദ്ധാന്തം കൊലൊസ്സ്യരുടെ ഇടയിൽ ഉപദേശിച്ചെങ്കിലും അവർ അതിനു വശംവദരായിട്ടില്ല. അവർ വിശ്വാസത്തിൽ ഉറപ്പുള്ളവരായിരുന്നു. ക്രിസ്തുവിലുള്ള പരിജ്ഞാനവും വിശ്വാസവും ദുരുപദേശങ്ങളുടെ എതിർപ്പുകൾക്കു വഴങ്ങാതെ സ്ഥിരമായി നിൽക്കുവാൻ നമ്മെ സഹായിക്കും. കൂടാതെ അതിനു ക്രിസ്തുവിനോടുള്ള സംസർഗ്ഗം ഒഴിച്ചുകൂടാത്തതാകുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ മാത്രം ഗ്രഹിച്ചതുകൊണ്ട് അതു സാധിക്കയില്ല. അവനെ രക്ഷിതാവും കർത്താവും അഥവാ ജീവിതത്തെ ഭരിക്കുന്നവനുമായി അംഗീകരിക്കണം. ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട ഒരു ജീവിതം നയിക്കണം. പാരമ്പര്യം, സഭ തുടങ്ങിയവയ്ക്കു പ്രാധാന്യം നൽകരുത്. കൂടാതെ ദൈവം ചെയ്യുന്ന എല്ലാ നന്മകൾക്കും നന്ദിയുള്ളവരായി അവനു സ്തോത്രം അർപ്പി ക്കുന്നവർ ആകണം. കൊലൊസ്സ്യർ ഉപദേശത്തിൽ നിലനിൽക്കുന്നവർ ആയിരുന്നു. അതുകൊണ്ട് അപ്പൊസ്തലൻ സന്തോഷിക്കുന്നു.

## തത്വജ്ഞാനം വ്യർത്ഥമാകുന്നു (2:8-15)

തത്വജ്ഞാനം വഞ്ചന ആകുന്നു. ഭക്തിവിരുദ്ധമായ തർക്കസൂത്രങ്ങളെ ഒഴിഞ്ഞിരിക്കണം. അതു വിശ്വാസം വിട്ടു തെറ്റിപ്പോകാൻ കാരണം ആകും. അതു മാനുഷിക പാരമ്പര്യങ്ങൾക്കും, കർമ്മാചാരങ്ങൾക്കും, ഭൗതിക സുഖസൗകര്യങ്ങൾക്കും പ്രാധാന്യം നൽകുന്നു. ക്രിസ്തുവിൽ ദൈവം വെളിപ്പെടുത്തിയ സത്യങ്ങളുമായി അവയ്ക്കു ബന്ധമില്ല. മനുഷ്യന്റെ തത്വജ്ഞാനം കൊണ്ടു ക്രിസ്തുവിനെ അളക്കുവാൻ കഴിയുന്നതല്ല. അവൻ ദൈവവും സ്രഷ്ടാവും സംരക്ഷകനും ആകുന്നു. ക്രിസ്തുവാണ് സകലത്തിന്റെയും മാനദണ്ഡം. ദൈവസമ്പൂർണ്ണത ക്രിസ്തുവിൽ വെളിപ്പെട്ടു. നിത്യതയിൽ അവൻ ദൈവസത്തയുടെ പൂർണ്ണതയായിരുന്നു. മനുഷ്യനായി വന്ന ക്രിസ്തുവിൽ ആ പൂർണ്ണത ഉണ്ടായിരുന്നു. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ ദൈവസത്തയുടെ പൂർണ്ണതയിൽ നമുക്കു മദ്ധ്യ സ്ഥം വഹിക്കുന്നു. ദൈവം മദ്ധ്യവർത്തികളിൽക്കൂടി മാത്രമേ ലോകത്തോടു ബന്ധം പുലർത്തുന്നുള്ളൂ എന്നുള്ള നോസ്റ്റിക്ക് സിദ്ധാന്തത്തിനുള്ള മറുപടിയാണ് ഇത്. ക്രിസ്തുവിനു മനുഷ്യശരീരം ഉണ്ടായിരുന്നില്ല എന്നും നോസ്റ്റിക്ക് ചിന്തകന്മാർ പഠിപ്പിച്ചിരുന്നു. ക്രിസ്തു ദൈവമനുഷ്യൻ ആകുന്നു. അതുകൊണ്ടാണ് മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സാധിക്കുവാൻ കഴിഞ്ഞത്.

ക്രിസ്തു സകല ദൂതന്മാരുടെ മേലും ആധിപത്യമുള്ളവനാണ്. അതുകൊണ്ടു ദൈവത്തോട് ബന്ധപ്പെടുവാൻ ദൂതന്മാരുടെ സഹായം ആവശ്യം ഇല്ല. ക്രിസ്തു നമുക്കു സകലത്തിനും മതിയായവൻ ആകുന്നു. അവൻ സഭയുടെ തലയാകുന്നു. അവൻ ജീവന്റെ ദാതാവും സംരക്ഷകനും ആകുന്നു. നമ്മുടെ ആത്മികജീവിതത്തിന് ആവശ്യമുള്ള സകലതും അവനിലുണ്ട്. ക്രിസ്തുവിനോട് സജീവബന്ധമുള്ളവർ ആത്മികമായി പരിപൂർണ്ണരാണ് (1 കൊരി. 1:30).

വിശ്വാസികൾ ആത്മിക പരിച്ഛേദന ഏറ്റവരാണ്. അതു ജഡത്തിലുള്ള പരിച്ഛേദനയല്ല. പഴയനിയമത്തിലെ പരിച്ഛേദനയിൽ ശരീരത്തിലെ ഒരു ചെറിയ അംശം മാത്രമേ മാറ്റിയിരുന്നുള്ളൂ. ആത്മിക പരിച്ഛേദനയിൽ ജഡസ്വഭാവത്തിനു മാറ്റം സംഭവിക്കുന്നു. അപ്പോൾ പരിശുദ്ധാത്മാവിനാൽ നാം നിയന്ത്രി ക്കപ്പെടുന്നവർ ആകും. ജഡത്തിന്റെ ശക്തിയോ ബലഹീനമാകും. ആത്മിക പരിച്ഛേദന ഏറ്റവർ അവരുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിക്കണം (റോമർ 6:11-14). പരിച്ഛേദനയുടെ ആത്മികാർ ത്ഥം ഇതാണ്.

വിശ്വാസികൾ സ്നാനം ഏറ്റവരാണ്. ക്രിസ്തുവിന്റെ അന്ത്യനിയോഗ ത്തിൽ അതു വ്യക്തമായി കാണാം (മത്താ. 28:18-20). ക്രിസ്തുവിൽ വിശ്വസിച്ചവരാണ് സ്നാനം ഏൽക്കേണ്ടത്. അവരുടെ വിശ്വാസത്തിന്റെ പരസ്യ പ്രഖ്യാപനമായി ജലത്തിൽ ക്രിസ്തുവിനെ സാക്ഷിച്ചു. സ്നാനം നിമജ്ജനം അഥവാ മുങ്ങൽ സ്നാനം ആണ്. സ്നാനം രണ്ടു കാര്യങ്ങളെ കാണിക്കുന്നു. ക്രിസ്തുവിനോടുകൂടി മരിച്ച് അടക്കപ്പെടുന്നതും അവനോടുകൂടി ഉയിർത്തെഴുന്നേല്ക്കുന്നതുമാണ് അവ. വെള്ളത്തിൽ മുങ്ങുന്നത് അടക്കപ്പെടുന്നതിനെയും പൊങ്ങിവരുന്നത് ഉയിർത്തെഴുന്നേല്പിനെയും കാണിക്കുന്നു (റോമർ 6:3-5). ക്രിസ്തുവിൽ വിശ്വസിക്കാതെയുള്ള സ്നാനം നിരർത്ഥകം ആകുന്നു. ആത്മസ്നാനമല്ല ഇവിടെ പ്രസ്താവിക്കുന്നത്. അത് മരണപുനരുത്ഥാനത്തെ കാണിക്കുന്നില്ല. ഒരിക്കൽ നാം പാപത്തിൽ മരിച്ചവർ ആയിരുന്നു (എഫെ. 2:1). ക്രിസ്തുവിനോടുള്ള ബന്ധം നമ്മെ ജീവനുള്ളവരാക്കി. അതു വീണ്ടും ജനനത്തിലാണ് സംഭവിച്ചത്. തൽഫലമായി പാപങ്ങൾ മോചിച്ചുകിട്ടി. ശിക്ഷയിൽനിന്നും സ്വതന്ത്രരായി. ന്യായപ്രമാണത്തിന്റെ കല്പനകൾ ചെയ്യുവാൻ അശക്തരായിരുന്ന നമ്മെ ക്രിസ്തു തന്റെ മരണം മൂലം വിടുവിച്ചു. നമ്മുടെ സ്ഥാനത്ത് അവൻ അതു സമ്പൂർണ്ണമായി നിവർത്തിച്ചു. ഇന്നു ക്രിസ്തുവിനെ സ്നേഹിക്കുവാനും അനുസരിക്കുവാനും നമ്മെ അവൻ പ്രാപ്തരാക്കിയിരിക്കുന്നു. കൂടാതെ തന്റെ മരണം മൂലം സാത്താനെയും അവന്റെ സൈന്യങ്ങളെയും പരാജയപ്പെടുത്തി. ക്രിസ്തു ഇന്ന് ജയാളിയായി വാഴുന്നു. നോസ്റ്റിക്കു തത്വ

ചിന്തകന്മാർ പറയുന്നതുപോലെ ദൂതന്മാരിൽ വിശ്വസിച്ചാശ്രയിക്കേണ്ട ആവശ്യം നമുക്കില്ല. നാം ക്രിസ്തുവിനുള്ളവർ ആകുന്നു. ക്രിസ്തുവിൽ നമുക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളുടെ ശ്രേഷ്ഠത മനസ്സിലാക്കി ലോകത്തിലെ തത്വജ്ഞാനവും വെറും വഞ്ചനയും ഉപേക്ഷിച്ചുകൊണ്ടു ക്രിസ്തുവിന്റെ ഉത്തമസാക്ഷികൾ ആകുവാൻ അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു.

## വിശ്വാസികളുടെ ഉത്തരവാദിത്വം (2:16-3:4)

ക്രിസ്തുവിൽ വിശ്വാസികൾ പരിപൂർണ്ണർ ആകുന്നു. അതുകൊണ്ടു ന്യായപ്രമാണത്തിന്റെ ബാഹ്യമായ ആചാരങ്ങൾക്ക് അടിമപ്പെടരുത്. പെരുന്നാൾ, വാവ്, ശബ്ബത്ത് മുതലായവ അവയിൽ പെടും. അതുപോലെതന്നെ സന്യാസജീവിതവും ജ്ഞാനവാദികൾ കല്പിക്കുന്ന വിലക്കുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നാം അനുസരിക്കേണ്ടതില്ല. ഇവയൊക്കെയും കൃപായുഗത്തിലെ കാര്യങ്ങളുടെ നിഴലായിരുന്നു. ക്രിസ്തുവാകുന്നു ഈ നിഴലുകളുടെ പൊരുൾ. ക്രിസ്തു വന്നശേഷം ഈ നിഴലുകളുടെ ആവശ്യം ഇല്ല (എബ്രാ. 8:13; 10:1).

നോസ്റ്റിക്ക് തത്വചിന്തകന്മാർ ദൂതന്മാരെ ആരാധിച്ചിരുന്നു. അവർ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥം വഹിക്കുന്നു എന്നായിരുന്നു അവരുടെ വിശ്വാസം. അതു താഴ്മയുടെ ലക്ഷണമായി അവർ കരുതിയിരുന്നു. ദൈവം മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. മറ്റുള്ള എല്ലാ ആരാധനയും വിഗ്രഹാരാധനയാണ്. നോസ്റ്റിക്കുവാദികൾ സ്വന്തദർശനങ്ങളിലും ജ്ഞാനത്തിലും പ്രശംസിക്കുന്നവരായിരുന്നു. ദൈവിക വെളിപ്പാടുകളെ അവർ അവഗണിച്ചു. സന്യാസജീവിതം അവർ സ്വീകരിച്ചു. ജഡത്തെ ശുദ്ധീകരിക്കുവാനുള്ളതായിരുന്നു അത്. എന്നാൽ വിനയത്തിന്റെയും ഭക്തിയുടെയും ബാഹ്യപ്രകടനങ്ങൾ മാത്രമായിരുന്നു ഇതെല്ലാം. അതിന്റെ പിൻപിൽ നിഗളവും തിന്മയും കുടികൊണ്ടിരുന്നു. ഇവർക്ക് എതിരെ അപ്പൊസ്തലൻ മുന്നറിയിപ്പ് നൽകുന്നു. ക്രിസ്തുവായിരിക്കണം നമ്മുടെ ജീവിതലക്ഷ്യം. അവൻ ആത്മിക ജീവൻ പ്രദാനം ചെയ്യുന്നു. അവനോടുള്ള സജീവബന്ധം ലക്ഷ്യം തെറ്റാതിരിക്കുവാൻ നമ്മെ സഹായിക്കും. ക്രിസ്തു സഭയുടെ തലയാകുന്നു. ആത്മികമായി വളരുവാനും ഐകമത്യമുള്ളവരാകുവാനും ആത്മിക ചൈതന്യം അനുഭവിക്കുവാനും ശിരസ്സായ ക്രിസ്തുവിനോട് ബന്ധപ്പെടണം. നോസ്റ്റിക്കുവാദത്തിന് അതു കഴികയില്ല.

വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ മരിച്ചവരാണ്. തൽഫലമായി നാം പാപത്തിനും ലോകത്തിനും സ്വയത്തിനും മരിച്ചവർ ആകണം (റോമർ 6:2; ഗലാ. 2:19; 2 കൊരി. 5:14,15). നാം ലൗകികരെപ്പോലെ ജീവിക്കുന്നവർ ആക രുത്. അവർ ദൈവത്തെ അറിയാത്തവരും ലോകസുഖസൗകര്യങ്ങൾക്കു മാത്രം ജീവിക്കുന്നവരുമാണ്. അതുപോലെതന്നെ നാം സന്യാസജീവിതം നയിക്കുന്നതുകൊണ്ടും പ്രയോജനം ഇല്ല. ഇതൊക്കെയും മാനുഷകല്പനകളും ഉപദേശങ്ങളും മാത്രമാണ്. ഭക്തിയുടെ ബാഹ്യപ്രകടനങ്ങൾ പ്രയോജനശൂന്യമാണ്. ക്രിസ്തുവിനോടുകൂടി ജീവിക്കുന്ന അനുഭവം അതിശ്രേഷ്ഠതയുള്ളതത്രെ. ഭക്ഷണസംബന്ധമായ നിയന്ത്രണങ്ങൾ നിത്യതയോടുള്ള ബന്ധത്തിൽ പ്രയോജനമുള്ളതല്ല. സന്യാസവൃത്തിയും മാനുഷികവിലക്കുകളും ഭക്തിയുടെ ബാഹ്യപ്രകടനങ്ങൾ മാത്രമാണ്. പാപസ്വഭാവത്തെ നിയന്ത്രിക്കുവാൻ അവ പോരുന്നവയല്ല. അതു ജഡാഭിലാഷം വർദ്ധിക്കുവാനേ സഹായിക്കുകയുള്ളൂ. വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് അവരുടെ ശരീരാത്മദേഹികളെ സമർപ്പിക്കുന്നവർ ആകണം. അപ്പോൾ മാത്രമേ ആത്മിക ജയജീവിതം സാദ്ധ്യമാകയുള്ളൂ.

### അദ്ധ്യായം 3

രക്ഷിക്കപ്പെട്ട വിശ്വാസികൾ ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോട് ആത്മികമായി ബന്ധപ്പെട്ടവരാണ്. അവരുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ മരിച്ചിരിക്കയാൽ അവർക്കുണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണം എന്നു കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു. ഇനിയും അവന്റെ ശാരീരിക പുനരുത്ഥാനത്തിൽ നമ്മുടെ ആത്മികപുനരുത്ഥാനം സംഭവിച്ചിരിക്കയാൽ നമുക്കുണ്ടായിരിക്കേണ്ട ഉത്തരവാദിത്വങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ക്രിസ്തു സ്വർഗ്ഗത്തിൽ മഹത്വസമ്പൂർണ്ണനായി വസിക്കുന്നു. അതുകൊണ്ടു നാം സ്വർഗ്ഗീയ കാര്യങ്ങൾ അന്വേഷിക്കുന്നവർ ആകണം (ഫിലി. 3:14). ക്രിസ്തുവിനോടു ബന്ധപ്പെട്ട കാര്യങ്ങൾക്കു പ്രഥമസ്ഥാനം നൽകണം. നമ്മുടെ പ്രമോദവിഷയം ആത്മികകാര്യങ്ങളിൽ ആയിരിക്കണം. സ്വർഗ്ഗത്തിൽ നാം നമ്മുടെ നിക്ഷേപങ്ങൾ സ്വരൂപിക്കണം (മത്താ. 6:20). നമ്മുടെ ചിന്താമണ്ഡലം സ്വർഗ്ഗീയ കാര്യങ്ങൾകൊണ്ടു നിറയണം. നിത്യതയോടുള്ള ബന്ധത്തിൽ നാം സകല കാര്യങ്ങളും കാണണം. ഭൗതിക കാര്യങ്ങളെക്കുറിച്ചു നാം വിചാരപ്പെടുന്നവർ ആകരുത്. നാം ക്രിസ്തുവിൽ ഭദ്രത ഉള്ളവർ ആകുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുമൂലം നമ്മുടെ ജീവൻ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവൻ ക്രിസ്തുവാണ് (1 യോഹ. 5:12). അവൻ തേജസ്സിൽ വെളിപ്പെടുവാൻ പോകുന്നു. അപ്പോൾ നാമും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. ഇന്നു പല കാര്യങ്ങളും നമുക്കു മറഞ്ഞിരിക്കുന്നു. നമ്മുടെ പ്രത്യാശയായ കർത്താവ് വരുമ്പോൾ മറഞ്ഞിരിക്കുന്ന അവസ്ഥ മാറും. ഇതു നമ്മുടെ ഭാഗ്യകരമായ പ്രത്യാശയാകുന്നു (തീത്തൊ. 2:12). ഇതു വിശുദ്ധ ജീവിതത്തിനും വിശ്വസ്ത സേവനത്തിനും നമ്മെ പ്രേരിപ്പിക്കണം (1 യോഹ. 3:3; 2:28). ഈ വചനങ്ങളെക്കൊണ്ടു നാം അന്യോന്യം ആശ്വസിപ്പിക്കുന്നവർ ആകണം (1 തെസ്സ. 4:18).

## മാതൃകാപരമായ ക്രിസ്തീയ ജീവിതം (3:5-17)

ഇതുവരെയും നാം ഉപദേശപരമായ സത്യങ്ങളാണ് പഠിച്ചുകൊണ്ടിരുന്നത്. ഉപദേശസത്യങ്ങൾ പ്രായോഗികജീവിതത്തിൽ കൊണ്ടുവരണം. അറിവ് ആത്മിക അഹങ്കാരം ഉളവാക്കും. എന്നാൽ അനുസരണം ഭക്തിയുടെ

മാർഗ്ഗമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് അവനെ അനുസരിക്കുവാനും ആരാധിക്കുവാനും ആഘോഷിക്കുവാനും നമ്മെ നിർബ്ബന്ധിക്കണം. അപ്പോൾ ക്രിസ്തുവിനെ ലോകത്തിൽ പ്രതിഫലിപ്പിക്കുന്ന ഭക്തിയുള്ള ജീവിതം നയിക്കുവാൻ കഴിയും.

ക്രിസ്തീയ ജീവിതത്തിൽ മരിപ്പിക്കേണ്ടതും വിട്ടുകളയേണ്ടതുമായ പല കാര്യങ്ങൾ ഉണ്ട്. നമ്മുടെ ജഡം ക്രിസ്തുവിനോടുകൂടെ മരിച്ചിരിക്കുന്നു എന്നുള്ള ബോധം അതിന് ആവശ്യമാണ്. നാം പാപത്തിനു മരിച്ചിരിക്കയാണെങ്കിലും പാപപ്രകൃതിക്കു മരിച്ചിട്ടില്ല. അതുകൊണ്ട് അത് നമ്മുടെ അവയവങ്ങളിൽ പ്രവർത്തിക്കുവാൻ അവസരം കൊടുക്കരുത്. നമ്മുടെ ചിന്താമണ്ഡലം ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കുന്നവർ ആകണം (2 കൊരി. 10:5). ജഡവും ആത്മാവും തമ്മിൽ നിരന്തരപോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. ആത്മാവിനെ അനുസരിക്കുമ്പോൾ ആത്മഫലങ്ങൾ ഉണ്ടാകും (ഗലാ. 5:22,23). ജഡത്തെ അനുസരിക്കുമ്പോൾ നാം ജഡികർ ആകും.

എന്തിനെയൊക്കെ നാം മരിപ്പിക്കുന്നവർ ആകണം എന്ന് ഈ ഭാഗത്ത് അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു. ദുർന്നടപ്പ്, അവിഹിത ലൈംഗിക ബന്ധങ്ങൾ, അശുദ്ധി, സദാചാരത്തിനു യോഗ്യമല്ലാത്ത ചിന്തകളും പ്രവൃത്തികളും, ദുർമ്മോഹം, നിയന്ത്രണമില്ലാത്ത ജഡമോഹങ്ങൾ, അത്യാഗ്രഹം, കൂടുതൽ വേണമെന്നുള്ള ആഗ്രഹം, മറ്റുള്ളവരുടെ വസ്തുവകകൾക്കുള്ള ആഗ്രഹം, അദൃശ്യനായ ദൈവത്തിനു പകരം ദൃശ്യമായ കാര്യങ്ങൾക്കു പ്രാധാന്യം നൽകുന്ന വിഗ്രഹാരാധന. ദൈവകോപം ഇവ പ്രവർത്തിക്കുന്നവരുടെ മേൽ ഉണ്ടാകും. ദൈവത്തിന്റെ കോപം അവന്റെ വിശുദ്ധിയുടെ പ്രകടനം ആണ്. ഒരു കാലത്തു കൊലൊസ്സ്യരും അപ്രകാരം ജീവിച്ചിരുന്നവരായിരുന്നു. എന്നാൽ ഇപ്പോൾ അവർ ക്രിസ്തുവിനുള്ളവരാണ്. അവർക്ക് ഒരു പുതിയ സ്വഭാവം ലഭിച്ചിരിക്കുന്നു. അതുകൊണ്ട് അവർ കോപം, വിദ്വേഷമനോഭാവം എന്നിവ വിട്ടുകളയണം. ഈർഷ്യ അഥവാ അന്യരെ ഹനിക്കുന്ന പ്രവണത ഉപേക്ഷിക്കണം. ദുർഭാഷണം അഥവാ മറ്റുള്ളവരുടെ സൽപ്പേരിനു കളങ്കം വരുത്തുന്ന സംഭാഷണത്തിൽ ഏർപ്പെടരുത്. അന്യോന്യം ഭോഷ്ക്കു പറയ രുത്. പഴയ വസ്ത്രം ഉരിഞ്ഞുകളയുന്നതുപോലെ തിന്മയുടെ ഈ സ്വഭാവങ്ങൾ നാം ഉപേക്ഷിക്കണം എന്നു പ്രബോധിപ്പിക്കുന്നു.

വിശ്വാസികൾ പുതുജീവനും പുതുസ്വഭാവവും ഉള്ളവരാണ്. അവർ ദൈവമക്കളാണ്. അതുകൊണ്ടു ദിവ്യസ്വഭാവങ്ങൾ പുറപ്പെടുവിക്കുന്നവർ ആകണം. ആദാമ്യസ്വഭാവം പാപസ്വഭാവമാണ്. ക്രിസ്തു ഒടുവിലത്തെ ആദാമാകുന്നു. നാം അവന്റെ പ്രകൃതി ഉള്ളവർ ആകണം. നമ്മുടെ അകത്തെ മനുഷ്യൻ പുതിയ സ്വഭാവം പുറപ്പെടുവിക്കണം. അതിനു ക്രിസ്തുവിനെ ക്കുറിച്ചുള്ള പരിജ്ഞാനം ആവശ്യമാണ്. കൂടാതെ പരിശുദ്ധാത്മാവ് നമ്മെ ക്രിസ്തുവിനോട് അനുരൂപരാക്കുവാൻ അനുവദിക്കണം. അപ്പോൾ നാം ക്രിസ്തുവിന്റെ പ്രതിമ അഥവാ അവനെ പ്രതിഫലിപ്പിക്കുന്നവർ ആകും. ഈ പുതിയ സൃഷ്ടിയിൽ ജാതീയ വേർതിരിവ് ഇല്ല. ഉച്ചനീചത്വമില്ല. മതപരമായ വ്യത്യാസമില്ല. ക്രിസ്തു എല്ലാവരിലും എല്ലാം ആകുന്നു. ക്രിസ്തുവിൽ വിശ്വ സിക്കുമ്പോൾ അവൻ വിശ്വാസികൾക്ക് എല്ലാം ആകുന്നു എന്നു സാരം. അവരുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും ക്രിസ്തുവാണ്. അവരുടെ മാതൃകാപുരുഷൻ ക്രിസ്തുവത്രെ. അവരുടെ പ്രത്യാശയും ക്രിസ്തുവിലായിരിക്കണം. ക്രിസ്തുവിനെകൊണ്ടു ഹൃദയം നിറഞ്ഞ ജീവിതം എത്ര ധന്യമാകുന്നു.

## ധരിക്കേണ്ട കാര്യങ്ങൾ (3:12-17)

ഇതുവരെയും ക്രിസ്തീയ ജീവിതത്തിൽ ഉപേക്ഷിക്കേണ്ട വിഷയങ്ങൾ നാം പഠിച്ചുകൊണ്ടിരുന്നു. ഇനിയും നാം ധരിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങൾ കാണുന്നു. ക്രിസ്തു സൽഗുണപൂർണ്ണനാണ്. ക്രിസ്തുവിനുള്ളവർ അവനെ ധരിക്കണം എന്നു പറഞ്ഞിരിക്കുന്നു (റോമ. 13:14). അവർ ദൈവത്തിന്റെ വൃതന്മാരും വിശുദ്ധരും പ്രിയരുമാണ്. വൃതന്മാർ തിരഞ്ഞെടുക്കപ്പെട്ടവരാണ്. വിശുദ്ധന്മാർ ദൈവത്തിനായി വേർതിരിക്കപ്പെട്ടവരും പ്രിയർ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരും ആകുന്നു. ദൈവമക്കളുടെ പദവി എത്ര ശ്രേഷ്ഠം. പദവികളോടുകൂടി ഉത്തരവാദിത്വങ്ങളും വരുന്നു. അവർ മനസ്സലിവ്, കരുണയുള്ള ഹൃദയം ഉള്ളവരായിരിക്കണം. ദയ കാണിക്കണം. അവർക്കു മറ്റുള്ളവർക്കു നന്മചെയ്യുവാനുള്ള മനോഭാവം ഉണ്ടാകണം. താഴ്മ, സ്വന്തകുറവുകളെക്കുറിച്ചുള്ള ബോധം, ഏറ്റവും ചെറിയവരാണെന്നുള്ള മനോഭാവം (എഫെ. 3:8), സൗമ്യത, എതിർക്കാതെ കീഴ്പ്പെടുന്ന മനോഭാവം, സന്തോഷമായി എല്ലാം സഹിക്കുന്ന ഹൃദയം, ദീർഘക്ഷമ, പ്രകോപനങ്ങളുടെ മദ്ധ്യ ത്തിൽ പ്രതികാരചിന്ത കൂടാതെ ശാന്തമായിരിക്കുവാനുള്ള കഴിവ്, അന്യോ ന്യം ക്ഷമിക്കുവാനുള്ള കഴിവ്, കർത്താവ് ക്ഷമിച്ച മാതൃക അനുകരിക്കുന്ന സ്വഭാവം എന്നിവ ഉള്ളവരാകണം എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. മുൻപറഞ്ഞ എല്ലാ ഗുണങ്ങളെയും മകുടം ചാർത്തുന്ന സ്വഭാവം സ്നേഹമാകുന്നു. എല്ലാ ഗുണങ്ങളും ഉണ്ടെങ്കിലും സ്നേഹം ഇല്ല എങ്കിൽ ഏതുമില്ല (1 കൊരി. 13:2). എല്ലാ സൽഗുണങ്ങളെയും അനുഗ്രഹപൂർണ്ണമാക്കുന്നത് അവ സ്നേഹപൂർവ്വം പ്രായോഗികമാക്കുമ്പോൾ ആകുന്നു. സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളെ ഭരിക്കണം (ഫിലി. 4:7). ഈ സമാധാനം വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും നാം അനുഭവിക്കുന്നവർ ആകണം. കൂടാതെ നാം സദാ ദൈവത്തോടു നന്ദി ഉള്ളവർ ആയിരിക്കണം.

ദൈവമക്കൾ വ്യക്തികളായും സഭയായും ആത്മികവർദ്ധന വരുത്തുന്നവർ ആകണം. അത് എങ്ങനെ സാധിക്കും എന്ന് 16-ാം വാക്യം പ്രസ്താ വിക്കുന്നു. നാം സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങൾ പാടുന്നവർ ആകണം. കൂടാതെ ദൈവവചനം ധ്യാനം മൂലം അഥവാ പഠനം മൂലം നാം അന്യോന്യം പഠിപ്പി

ക്കയും ബുദ്ധി ഉപദേശിക്കയും ചെയ്യണം. നമ്മുടെ പാട്ടുകൾ നന്ദിയുടെ സ്തുതിസ്തോത്രങ്ങൾ ആയിരിക്കണം. ക്രിസ്തു വിന്റെ വചനം ഐശ്വര്യമായി നമ്മിൽ വസിക്കണം. വചനത്താൽ നിറഞ്ഞതും നിയന്ത്രിക്കപ്പെടുന്നതു മായ ജീവിതം നയിക്കണം. നമ്മുടെ പ്രവൃത്തികൾ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതാകണം. അതിനു ദൈവ വചനം അനുസരിക്കയും വിശ്വസിക്കയും ചെയ്യണം. ഏതു സാഹചര്യത്തിലും ദൈവത്തിനു സ്തോത്രം അർപ്പി ക്കുവാൻ അപ്പൊസ്തലൻ ആഹ്വാനം നൽകുന്നു. ക്രിസ്തുവാണ് നമ്മുടെ ജീവിതലക്ഷ്യം (ഫിലി. 1:21). ക്രിസ്തു പിതാവിനെ മഹത്വപ്പെടുത്തി. നമ്മുടെ ജീവിതംകൊണ്ടും സാധിക്കേണ്ടത് അതാണ്.

## സാമൂഹ്യജീവിതത്തിലെ കർത്തവ്യങ്ങൾ (3:18-4:1)

ദൈവമക്കൾ ലോകത്തിൽ ജീവിക്കുന്നു എങ്കിലും ലോകത്തിനുള്ളവരല്ല. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാ കുന്നു. എന്നാൽ നാം ലോകത്തിൽ ജീവിക്കുന്ന കാലത്തോളം ദൈവിക പ്രമാണങ്ങൾക്ക് അനുസരണമായ ജീവിതം നയിക്കണം. ഭാര്യമാർ സ്വമനസ്സാലെ ഭർത്താക്കന്മാരെ അനുസരി ക്കണം. അതു കർത്താവിൽ ഉചിതമാംവണ്ണം ചെയ്യേണ്ടതാകുന്നു. അത് ദൈവികപ്രമാണമാണ്. ഭാര്യമാരെ അടിമകളെപ്പോലെ ഒരിക്കലും കരുതരുത്. അവർ ദൈവത്തിന്റെ ദാനവും ദൈവം കൂട്ടിച്ചേർത്തവരും ആണ്. അവരെ സ്നേഹിക്കുവാനും ആദരിക്കുവാനും ഇടയാ കണം. അവർ തക്ക തുണയാണ്. ജീവിതത്തിൽ സംതൃപ്തിയും സഹായവും അവർ മൂലം ഉണ്ടാകുന്നു. ഭർത്താ ക്കന്മാർ ഭാര്യമാരെ ത്യാഗപൂർവ്വം സ്നേഹിക്കണം. ക്രിസ്തു സഭയെ സ്നേഹിച്ചതാണ് അതിനു മാതൃകയായി പരിഗണിക്കേണ്ടത്. ഭാര്യമാരോട് ഭർത്താക്കന്മാർ കൈപ്പായി ഏർപ്പെടരുത്. അവരോട് വിദ്വേഷം, കോപം, അസൂ യ, ക്രൂരത മുതലായ ജഡസ്വഭാവം പ്രകടിപ്പിക്കരുത്. അങ്ങനെയുള്ള കുടുംബജീവിതം ഐശ്വര്യപൂർണ്ണം ആയിരി ക്കും. കുടുംബജീവിതത്തിൽ പ്രയാസങ്ങൾ വരുമ്പോൾ ഭർത്താക്കന്മാർ ഭാര്യമാരോട് വിവേകത്തോടെ ഏർപ്പെ ടണം. കുറവുകൾ സമ്മതിച്ച് അന്യോന്യം രമ്യതപ്പെടുന്നവരുടെ പ്രാർത്ഥന യ്ക്കു മുടക്കം വരികയില്ല. പക വെച്ചുപുലർത്തുമ്പോൾ ദൈവം പ്രാർത്ഥന കേൾക്കയില്ല എന്നു സാരം (1 പത്രൊ. 3:7). സ്നേഹിക്കണമെന്നുള്ള താണ് ഭർത്താക്കന്മാർക്കുള്ള കല്പന. സ്നേഹം പാപങ്ങളുടെ അഥവാ കുറവുകളുടെ ബഹുത്വത്തെ മറയ്ക്കുന്നു (1 പത്രൊ. 4:8).

മക്കൾ മാതാപിതാക്കളെ അനുസരിക്കണം. അതു ദൈവത്തിനു പ്രസാ ദവും പ്രതിഫലം നൽകുന്നതുമാണ്. മക്കളെ മാതാപിതാക്കൾ കാരണം കൂടാതെ കുറ്റപ്പെടുത്തുന്നവർ ആകരുത്. അത് അവരെ കോപത്തിനും മത്സര ത്തിനും പ്രേരിപ്പിക്കും. വിവേകശൂന്യമായ ശിക്ഷാക്രമം മക്കളെ അധൈര്യപ്പെടുത്തും. മക്കൾ ദൈവത്തിന്റെ ദാനം ആകുന്നു. അവരെ ദൈവഭക്തിയിൽ വളർത്തുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കന്മാർക്കുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാതാപിതാക്കൾ നിരാശരാകയില്ല.

ദാസന്മാർ യജമാനന്മാരെ വിശ്വസ്തതയോടെ സേവിക്കണം. ജോലിയോടുള്ള ബന്ധത്തിൽ നമുക്കുണ്ടായി രിക്കേണ്ട മനോഭാവം അതായിരിക്കണം. നാം ദൃഷ്ടിസേവ ചെയ്യുന്നവർ ആകരുത്. യജമാനന്മാരുടെ അസാന്നി ദ്ധ്യത്തിൽ അലസരാകരുത്. കർത്താവിനെ പ്രസാദിപ്പിക്കുന്നവരായി നാം ജോലി ചെയ്യണം. ശരിയായ യജമാനൻ കർത്താവാണ്. കർത്താവ് അവർക്ക് പ്രതിഫലം നൽകും. യജമാനന്മാർ മുഖപക്ഷം കാണിക്കരുത്. ക്രിസ്തുവിന്റെ ദൃഷ്ടിയിൽ യജമാനനും ദാസനും അവരവരുടെ കർത്തവ്യങ്ങൾ നിറവേറ്റുവാൻ കടപ്പെട്ടവർ ആകുന്നു. അതു കൊണ്ടു യജമാനന്മാർ നീതിയും ന്യായവും നടത്തുന്നവർ ആയിരിക്കണം. നാം എല്ലാവരും ഒരിക്കൽ ദൈവ ത്തോട് കണക്കുബോധിപ്പിക്കേണ്ടവർ ആകുന്നു (റോമർ 14:12).

# അദ്ധ്യായം 4

## പ്രബോധനങ്ങൾ (4:2-6)

വിശ്വാസികൾ ലോകത്തിൽ ജീവിക്കുമ്പോൾ പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവർ ആകണം. അപ്പോൾ മാത്രമേ ആത്മികമായി ബോധവാന്മാരാകുവാൻ കഴികയുള്ളൂ. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ജാഗരിച്ചു പ്രാർത്ഥിക്കു ന്ന വർ ആകണം (മത്താ. 26:41). പ്രാർത്ഥന വെറും ഒരു ചടങ്ങായി മാറരുത്. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന സ്തോത്രത്തിനു കാരണം ആകും. ശ്രദ്ധയില്ലാത്ത പ്രാർത്ഥന ഫലകരമാകയില്ല (യാക്കോ. 5:16). വചനം ഘോഷി ക്കുവാൻ വാതിൽ തുറക്കപ്പെടുവാൻ പ്രാർത്ഥിക്കണം. കർത്താവാണ് അവസരങ്ങൾ നൽകുന്നത് (1 കൊരി. 16:7-9). സംസാരിക്കേണ്ടുംവണ്ണം സംസാരിക്കുവാൻ പ്രാപ്തി നൽകേണ്ടതിനു പ്രാർത്ഥിക്കണം. നമ്മുടെ സ്വന്ത പാണ്ഡിത്യംകൊണ്ടോ കഴിവുകൾകൊണ്ടോ അതു സാദ്ധ്യമല്ല. പൗലൊസിന്റെ ആഗ്രഹം നമുക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ദൈവിക മർമ്മങ്ങൾ സ്വന്തജ്ഞാനംകൊണ്ടു പ്രസ്താവിക്കുവാൻ ആർക്കും കഴിയുന്നതല്ല. നോസ്റ്റിക്കുവാദികൾ അവരുടെ ജ്ഞാനവൈഭവങ്ങളിൽ അഹങ്കരിക്കുന്നവർ ആയിരുന്നു. നമുക്കു ലഭിക്കുന്ന സമ യവും അവസരങ്ങളും പരമാവധി കർത്താവിനു പ്രയോജനമുള്ളതാക്കണം. നഷ്ടപ്പെടുത്തിയ അവസരങ്ങൾ തിരിച്ചുകിട്ടുകയില്ല. നമ്മുടെ പെരുമാറ്റം ക്രിസ്തുവിന്റെ സാക്ഷ്യത്തിനു യോഗ്യമായ വിധം ആയിരിക്കണം. അവി ശ്വാസികൾ വായിക്കുന്ന പുസ്തകമാണ് നമ്മുടെ ജീവിതം. നാം ഭൂമിയുടെ ഉപ്പാകുന്നു (മത്താ. 5:13). നമ്മുടെ സംഭാഷണം രുചിപ്രദം ആയിരിക്കണം. ദൈവകൃപ വ്യക്തമാക്കുന്ന ഭാഷയും സംഭാഷണവും മറ്റുള്ളവരെ ക്രിസ്തു വിങ്കലേക്ക് ആകർഷിക്കും. നമ്മുടെ കർത്താവ് കൃപയും സത്യവും നിറഞ്ഞവനായിരുന്നു. അവന്റെ വാക്കുകൾ

ലാവണ്യവാക്കുകളായിരുന്നു (യോഹ. 1:14; ലൂക്കൊ. 4:22). അവനെ സാക്ഷിക്കേണ്ടതും കൃപയോടും മറ്റുള്ളവർക്ക് രുചിപ്രദമായ വിധത്തിലും ആയിരിക്കണം.

## സഹപ്രവർത്തകരോടുള്ള മനോഭാവം (4:7-18)

പൗലൊസ് ഒറ്റതിരിഞ്ഞു പ്രവർത്തിച്ചിരുന്നില്ല. സഹോദരന്മാരുടെ സഹായം താൻ ആഗ്രഹിച്ചു. അവരെ സ്നേഹിക്കയും ബഹുമാനിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തു. അവരുടെ ക്ഷേമം തനിക്കു പ്രാധാന്യം ഉള്ള തായിരുന്നു. അവരെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുവാൻ തനിക്കു സന്തോഷവും മനസ്സും ഉണ്ടായിരുന്നു. തിഹി ക്കൊസ് ആസ്യക്കാരനാണ് (പ്രവൃ. 20:4). ഈ ലേഖനം റോമിൽനിന്നും കൊലൊസ്സ്യക്കു കൊണ്ടുപോയതു താനാണ്. പൗലൊസിനെ താൻ നന്നായി അറിഞ്ഞിരുന്നു. ശുശ്രൂഷയിൽ വിശ്വസ്തനും പ്രിയനും സഹഭൃത്യനുമായിരുന്നു തിഹിക്കൊസ്.

ഒനേസിമൊസിനോടുകൂടെ തിഹിക്കൊസിനെ കൊലൊസ്സ്യക്ക് അയച്ചു. ഒനേസിമൊസ് റോമിൽവെച്ചു രക്ഷി ക്കപ്പെട്ടവനാണ്. അവർ പൗലൊസിന്റെ വിവരങ്ങൾ കൊലൊസ്സ്യരെ അറിയിച്ച് അവരെ ആശ്വസിപ്പിക്കും അഥവാ പ്രോത്സാഹിപ്പിക്കും എന്നുള്ള ഉറപ്പ് തനിക്കുണ്ടായിരുന്നു. നാം മറ്റുള്ളവർക്ക് ആത്മിക പ്രോത്സാഹനം നൽകുന്ന വരാണോ?

അരിസ്തർഹൊസ് സഹബദ്ധൻ ആയിരുന്നു. സ്വമനസ്സാലെ അതു സ്വീകരിച്ചതായിരിക്കണം. മർക്കൊസ് ബർന്നബാസിന്റെ അനന്തിരവൻ ആണ്. പൗലൊസ് ഒരിക്കൽ അവനെ ഉപേക്ഷിച്ചതാണ് (പ്രവൃ. 15:36-39). ഇപ്പോൾ അവൻ പൗലൊസിനു പ്രയോജനമുള്ളവനാണ് (2 തിമൊ. 4:11). കർത്താവ് അവനിൽ രൂപാന്തരം വരുത്തി. അവനെ സ്വീകരിക്കണം എന്നു പൗലൊസ് കല്പിക്കുന്നു. യുസ്തൊസ് കൂട്ടുവേലക്കാരനും യെഹൂദനും ആയിരുന്നു. താൻ പൗലൊസിനെ ആശ്വസിപ്പിച്ചു എന്നത്രെ കാണുന്നത്. കാരാഗൃഹത്തിൽ ആശ്വാസം നൽകുന്ന ശുശ്രൂഷ എത്ര ശ്രേഷ്ഠം. നാം മറ്റുള്ളവരെ ആശ്വസിപ്പിക്കുന്നവരാണോ?

എപ്പഫ്രാസ് കൊലൊസ്സ്യക്കാരനായിരുന്നു (1:7; ഫിലേ. 23). അവൻ ഒരു പ്രാർത്ഥനാപുരുഷൻ ആയിരുന്നു. വിശ്വാസികൾ ദൈവകൃപയിൽ വളരു വാനും നിലനിൽക്കുവാനും താൻ പ്രാർത്ഥിച്ചു. വൈദ്യനായ ലൂക്കൊസ് പൗലൊസിനു പ്രിയനായിരുന്നു. കൊലൊസ്സ്യരെ അവന്റെ വന്ദനവും അറിയിക്കുന്നു. ദേമാസ് ഒരിക്കൽ പൗലൊ സിന്റെ സഹപ്രവർത്തകനായിരുന്നു. എന്നാൽ അവൻ ലോകസ്നേഹിയാകയും പൗലൊസിനെ വിട്ടുപോകയും ചെയ്തു (2 തിമൊ. 4:10). നുംഫെക്കും അവളുടെ വീട്ടിലെ സഭയ്ക്കും വന്ദനം ചൊല്ലുന്നു. അന്നു വീടുകളിൽ സഭാകൂടിവരവുകൾ സാധാരണമായിരുന്നു. ഈ ലേഖനം കൊലൊസ്സ്യർ വായിച്ചശേഷം ലവൊദിക്യയിലുള്ള സഭ യിൽ വായിക്കണം എന്നു താൻ ആഗ്രഹിച്ചു. അതുപോലെതന്നെ ലവൊദിക്യസഭയിൽനിന്നുള്ള ലേഖനം കൊലൊ സ്സ്യയിൽ വായിക്കണം എന്നും പൗലൊസ് ആവശ്യപ്പെടുന്നു. ഈ ലവൊദിക്യലേഖനം എഫെസ്യലേഖനമായി രുന്നു എന്ന് അഭിപ്രായപ്പെടുന്നു. അത് ഒരു സർക്കുലർ ലേഖനം ആയിരുന്നു.

അർഹിപ്പൊസ് കൊലൊസ്സ്യ സഭയിലെ ഒരു ശുശ്രൂഷകനായിരുന്നു (ഫിലേ. 2). അവനു കർത്താവ് നൽകിയ ശുശ്രൂഷയിൽ വിശ്വസ്തനായിരിക്കുവാനുള്ള പ്രബോധനം നൽകുന്നു.

ഈ ലേഖനം പൗലൊസ് തന്നെ ഒടുവിലായി രണ്ടു വരി എഴുതി അവസാനിപ്പിച്ചിരിക്കുന്നു. തന്റെ വന്ദനം അവരെ അറിയിക്കുന്നു. തന്റെ ബന്ധനങ്ങളെ ഓർത്തു പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു. എത്രയുംവേഗം പൗലൊ സിനു കാരാഗൃഹത്തിൽനിന്നും സ്വതന്ത്രനാകാൻ കഴിയും എന്നുള്ള പ്രത്യാശ ഉണ്ടായിരുന്നു. 'കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ' എന്ന ആശീർവാദത്തോടുകൂടെ ലേഖനം അവസാനിക്കുന്നു. വിശ്വാസികൾ ദൈവകൃപ ലഭിച്ചവരാണ്. അവർ ആ കൃപയിൽ നിലനിൽക്കുന്നവരാകണം എന്നു പൗലൊസിന് ആഗ്രഹമുണ്ടായിരുന്നു. കർത്താവ് അതിനു നമ്മെയും സഹായിക്കുമാറാകട്ടെ.

***